മുൻസിഫ് തെരഞ്ഞെടുപ്പിനുശേഷം മുൻസിഫ് നിയമനം വല്ലതും നടത്തിയിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (സി. കേശവൻ):

ഉണ്ട്.

കൃഷിനാശം

*വ്യ ച. (വ്യ വ്യ) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഫൻ ൭ ൦-ൽ മടവീണു കൃഷി നശിച്ചിട്ടുള്ള നിലങ്ങൾ എത്ര മാത്രമാണ്; (പറക്കണക്കിനു പറയണം)

(ബി) ഇതിൽ കായൽനിലങ്ങൾ എത്ര; മറ്റു തരം പാടങ്ങൾ എത്ര;

(സി) മടവീണ നിലങ്ങളിൽനിന്നും കിട്ടാൻ സാധിക്കുമായിരുന്ന നെല്ല് എത്ര മാത്രം;

(ഡി) വേലിയേറ്റം സംബന്ധിച്ചു ഹാർബർ മേലധികാരികൾ ഗവൺമെന്റിനെ വല്ലതും അറിയിച്ചിട്ടുണ്ടായിരുന്നോ; വേലിയേറ്റം കൂടുതലാകാൻ ഇടയുണ്ടെന്നുള്ള വിവരം ഗവൺമെണ്ടിൽനിന്നു കൃഷിക്കാരെ അറിയിച്ചിട്ടുണ്ടോ;

(ഇ) മടവീഴ്ച സംബന്ധിച്ചു ഗവൺമെണ്ടിൽനിന്നും കൃഷിക്കാർക്ക് എന്തു ആനുകൂല്യങ്ങൾ ചെയ്തു കൊടുത്തിട്ടുണ്ട്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണ പിള്ള:)

(എ) വ്യ ർ, ൦ ൦ ൦ പറ. (ഇതിൽ ന ൫, ൦ ൦ ൦ പറ വീണ്ടും വെള്ളം വറ്റിച്ചെടുത്തിട്ടുണ്ട്.)

(ബി) അധികവും കായൽ നിലങ്ങളാണ്.

(സി) എഴ ലക്ഷം പറ.

(ഡി) ഇല്ല. അടുത്ത ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഫ ൫, ൦ ൦ ൦ രൂപ സഹായധനമായി അനുവദിച്ചിട്ടുണ്ട്. ഉണക്കി വിത്താക്കി ഉപയോഗിക്കുന്നതിൽ വായ്പയായിട്ടോ, രൊക്കവിലക്കോ ആവശ്യക്കാർക്ക് നെല്ല് കൊടുക്കുന്നതിനും ഉത്തരവു കൊടുത്തിട്ടുണ്ട്.

VAZHANI SCHEME

*823. [90] **Sri. K. Balakrishna Menon**: Will the Hon'ble Chief Minister be pleased to state:

(*a*) the number of agricultural families that will be displaced by the introduction of Vazhani scheme in Machad;

(*b*) whether the Government have any scheme to resettle them; if so where and on what terms?

Minister for Education Food and Labour (**Sri T. K. Narayana Pillai**):

(*a*) & (*b*) The acquisition for the Vazhani Scheme has not started. It is not possible now to say how many agricultural familes will be displaced.

യാചക കേന്ദ്രങ്ങൾ

*വ്യ ർ. (ൻ ന) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തു ഇപ്പോൾ എത്ര യാചകകേന്ദ്രങ്ങൾ ഉണ്ട്; എവിടെയെല്ലാമാണ്, ഓരോന്നിലുമുള്ള സംഖ്യ;

LIBRARY ARCHIVES Kerala Legislative Assembly